പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2117 26-10-2026-ൽ മറുപടിയ്ക്ക്

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഐ.കെ.എം ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ സേവന വേതന വ്യവസ്ഥകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. റഹ്മത്തുള്ള ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

(എ) 2005-ൽ ഇൻഫർമേഷൻ കേരളാ മിഷൻ (ഐ.കെ.എം) മുഖേന സംസ്ഥാനത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ജനസേവനകേന്ദ്രങ്ങളിൽ നിയമിക്കപ്പെട്ട ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ സേവനം നിലവിൽ ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കാമോ;

മറുപടി: 2005-ൽ സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി മുനിസിപ്പാലിറ്റികളിൽ ജനസേവനകേന്ദ്രം സ്ഥാപിച്ച് കമ്പ്യൂട്ടർവൽക്കരണം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി വിവിധ മുനിസിപ്പാലിറ്റികളിൽ ഡാറ്റാ എൻട്രി ജോലികൾ ചെയ്യുന്നതിനും, മാസ്റ്റർ ശേഖരണത്തിനുമായി മുനിസിപ്പാലിറ്റികൾ ഐ.കെ.എമ്മിലേയ്ക്ക് അടച്ചിട്ടുള്ള തുകയിൽ നിന്ന് ഐ.കെ.എം വഴി തുടക്കത്തിൽ മുനിസിപ്പാലിറ്റികളിലെ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് വേതനം നൽകിയിരുന്നു. എന്നാൽ 18/05/2012 ലെ സ.ഉ.(സാധാ) നം.1385/2012-തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വിവിധ നഗരസഭകളിലെ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് ഐ.കെ.എം മുഖേന വേതനം നൽകുന്ന രീതി അവസാനിപ്പിക്കുന്നതിനും ടി ജീവനക്കാർക്ക് നഗരസഭകളുടെ തനത് ഫണ്ടിൽ നിന്നും വേതനം നൽകുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നതും, ഡാറ്റാ എൻട്രി ജീവനക്കാരുടെ സേവനം തുടരേണ്ടത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനു അതാത് നഗരസഭകളെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവായിരുന്നു. ആയത് പ്രകാരം ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ സേവനം ആവശ്യമുള്ള നഗരസഭകൾ കൗൺസിൽ തീരുമാന പ്രകാരം ജീവനക്കാരെ നിയമിക്കുകയും സർക്കാർ ഉത്തരവ് പ്രകാരമുള്ള വേതനം ജോലി ചെയ്യുന്ന ദിവസങ്ങളിൽ മാത്രം തനത് ഫണ്ടിൽ നിന്നും അനുവദിച്ച് വരുന്നതുമാണ്.

(ബി) 18.05.2012 ലെ സ.ഉ(ആർ.ടി) 1385/2012/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ടി ജീവനക്കാർക്ക് തനത് ഫണ്ടിൽ നിന്നും വേതനം നൽകുന്നതിന് അനുമതി നൽകിയതിനെ തുടർന്ന്, കഴിഞ്ഞ 14 മുതൽ 20 വർഷക്കാലമായി ദിവസവേതന നിരക്കിൽ ജോലി ചെയ്യുവരുന്ന ഇവർക്ക് യാതൊരുവിധ ആനുകൂല്യങ്ങളും ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: കേരള മുനിസിപ്പൽ&കോർപ്പറേഷൻ ഡാറ്റ എൻട്രി സ്റ്റാഫ് യൂണിയൻ സമർപ്പിച്ച നിവേദനം സർക്കാർ പരിശോധിച്ച് വരികയാണ്.

(സി) ഒപ്പം നിയമിക്കപ്പെട്ട ടെക്നിക്കൽ അസിസ്റ്റന്റുമാർക്ക് വേതന വർദ്ധനവും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുമ്പോൾ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് അർഹമായ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി:

സർക്കാരിന്റെ 27/06/2012 ലെ സ.ഉ(ആർ.ടി)1772/2012/തസ്വഭവ ഉത്തരവ് പ്രകാരം പഞ്ചായത്തുകളിലെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുകയും സാങ്കേതിക സഹായം നൽകുകയും, കമ്പ്യൂട്ടറുകൾ, ഐടി അനുബന്ധ ഉപകരണങ്ങൾ, സോഫ്റ്റ് വെയറുകൾ എന്നിവ ഉപയോഗിക്കുന്നത് സംബന്ധിച്ച് കൃത്യമായ ഇടവേളകളിൽ ഗ്രാമപഞ്ചായത്തിലെ ജീവനക്കാർക്കും ജനപ്രതിനിധികൾക്കും പരിശീലനം നൽകുകയും ചെയ്യുന്നതിനാണ് ടെക്നിക്കൽ അസിസ്റ്റന്റുമാരെ നിയമിച്ചിട്ടുള്ളത്. ടിയാളുകളുടെ നിയമനം, യോഗ്യത, വേതനം, എന്നിവ സംബന്ധിച്ച് സർക്കാർ വ്യക്തമായ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കരാർ അടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന ടി ജീവനക്കാരുടെ കരാർ കാലാവധി അവസാനിക്കുമ്പോൾ ജില്ലാതല അപ്രൈസൽ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് പ്രകാരം കരാർ പുതുക്കി നൽകി വരുന്നു.

(ഡി) ഇതുമായി ബന്ധപ്പെട്ട് പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ നിന്നും എൽ.എസ്.ജി.ഡി/ പി.ഡി./58943/2023-ഡി.ഇ.എഫ്.6 പ്രകാരം നഗരസഭകളിൽ നിന്നും റിപ്പോർട്ട് തേടിയിട്ടുള്ള വിവരം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

മറുപടി: സർക്കാർ നിർദ്ദേശ പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ജില്ലാ ജോയിന്റ് ഡയറക്ടർമാരിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്

(ഇ) എങ്കിൽ ഐ.കെ.എം ജീവനക്കാർക്ക് സമാനമായ വേതന വർദ്ധനവും മാറ്റാനുകൂല്യങ്ങളും ഇവർക്ക് അനുവദിക്കുന്നതിനോ അല്ലെങ്കിൽ ഇൻഫർമേഷൻ കേരള മിഷനിലേക്ക് ഇവരെ അബ്സോർബ് ചെയ്യുന്നതിനോ അടിയന്തരമായി എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

മറുപടി: ഐ.കെ.എം ജീവനക്കാർക്ക് സമാനമായ വേതന വർദ്ധനവും മറ്റാനുകൂല്യങ്ങളും അനുവദിക്കാൻ അഭ്യർത്ഥിച്ചുകൊണ്ട് കേരള മുനിസിപ്പൽ&കോർപ്പറേഷൻ ഡാറ്റാ എൻട്രി സ്റ്റാഫ് യൂണിയൻ സമർപ്പിച്ച നിവേദനം സർക്കാർ പരിശോധിച്ചുവരികയാണ്. തീരുമാനം കൈക്കൊണ്ടിട്ടില്ല. ഇവരെ ഏതെങ്കിലും തസ്തികയിൽ അബ്സോർബ് ചെയ്യുന്ന കാര്യം പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ